Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

# STATE POLICE MEDIA CENTRE

## KERALA POLICE

No.141/PR/SPMC/PHQ/2022 Date:17.08.2022

**71 ാമത് ആൾ ഇന്ത്യാ പോലീസ് അക്വാട്ടിക് ആന്റ് ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു**

71 ാമത് ആൾ ഇന്ത്യാ പോലീസ് അക്വാട്ടിക് ആന്റ് ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനം തിരുവനന്തപുരം പിരപ്പൻകോട് ഡോ.ബി.ആർ അംബേദ്കർ ഇന്റർനാഷണൽ അക്വാട്ടിക് കോംപ്ലക്സിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു.

സ്വിമ്മിങ് കോംപ്ലക്സിന്റെ ഗ്യാലറിയിൽ പ്രത്യേകമായി തയ്യാറാക്കിയ വേദിയിലാണ് ചാമ്പ്യൻഷിപ്പ് തുടങ്ങുന്നതായി മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. കേരളാ പോലീസിന്റെ ബാന്റ് സംഘം പ്രഖ്യാപനത്തിന് അകമ്പടി നൽകി. ചാമ്പ്യൻഷിപ്പിന്റെ ദീപശിഖ ഒളിമ്പ്യനും കേരളാ പോലീസ് താരവുമായ അസിസ്റ്റന്റ് കമാന്റന്റ് സജൻ പ്രകാശിന് മുഖ്യമന്ത്രി കൈമാറി. തുടർന്ന് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന 27 ടീമിലെയും 682 മത്സരാർത്ഥികൾ അണിനിരന്ന മാർച്ച് പാസ്റ്റും നടന്നു. മത്സരാർത്ഥികൾ പ്രതിജ്ഞ എടുത്തതോടെ ചാമ്പ്യൻഷിപ്പിന് ഔദ്യോഗിക തുടക്കമായി.

ഉദ്ഘാടന ചടങ്ങിന് ശേഷം സൂര്യകൃഷ്ണമൂർത്തിയും സംഘവും അവതരിപ്പിച്ച സാംസ്കാരിക പരിപാടികൾ അരങ്ങേറി. രാവിലെ നടന്ന മത്സരങ്ങളുടെ ഫൈനൽ തുടർന്ന് നടന്നു. ഓഗസ്റ്റ് 21 വരെയാണ് ചാമ്പ്യൻഷിപ്പ് നടക്കുക. മത്സരങ്ങളുടെ ഭാഗമായുള്ള ക്രോസ് കൺട്രി റെയ്സ് ശനിയാഴ്ച രാവിലെ 06.30 ന് ശംഖുംമുഖത്ത് നിന്ന് ആരംഭിച്ച് പാളയം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ സമാപിക്കും. ഉദ്ഘാടന ചടങ്ങുകളും ഫൈനൽ മത്സരങ്ങളും സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിന്റെ ഫെയ്സ്ബുക്ക് പേജിൽ തത്സമയം സംപ്രേഷണം ചെയ്തിരുന്നു.

*****************************